## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി
## 25.08.2016-ന് കൂടുന്ന മീറ്റിംഗ് അജണ്ട
## സമയം - ഉച്ചക്ക് 12.30 ന്
## സ്ഥലം. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബർ

1. **പൊതുവിഷയങ്ങൾ**

**2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം**

1. ഗ്രാമപഞ്ചായത്തുകൾ, 2. ബ്ലോക്ക് പഞ്ചായത്തുകൾ
3.നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ

3. പ്രത്യേക വിഷയങ്ങൾ

**3.1 കാവാലം ഗ്രാമപഞ്ചായത്ത് (ഫയൽനം. 359/ഡി.എ.2/16/തസ്വഭവ)**

വീട്ടുകളിൽ കിണറും, വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈനും ഇല്ലാത്ത പഞ്ചായത്തിലെ മുഴവൻ വീട്ടുകളിലും പി.വി.സി. വാട്ടർ ടാങ്ക് (50 ലിറ്റർ) മഴവെള്ളം സംഭരിക്കാൻ നൽകുന്നതിന് (ജനറൽ വിഭാഗം)2016-17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, മത്സ്യതൊഴിലാളികൾക്ക് വല (ജനറൽ) നൽകുന്നതിനും, ജനറൽ വിഭാഗത്തിന് ഭവന നിർമ്മാണ ത്തിന് ആനുകൂല്യം നൽകുന്നതിനും അനുമതി നൽകുക (ജനറൽ വിഭാഗത്തിന് സബ്സിഡി) എന്നിവയാണ് പഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുള്ളത്.

**3.2 എരുമേലി ഗ്രാമപഞ്ചായത്ത് (ഫയൽനം. 150/ഡി.ബി1/16/തസ്വഭവ)**

എരുമേലി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ഒഴക്കനാട് പഞ്ചായത്ത് കോളനിയിലെ ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനായി 4 സെന്റ് സ്ഥലം വീതം വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനും കൈവശാവകാശം താമസക്കാർക്കുമാണ്. ആയതിനാൽ കോളനി നിവാസികൾക്ക് സ്ഥലത്തിന്റെ ഈടിൻമേൽ വിദ്യാഭ്യാസ വായ്പയോ, കാർഷിക വായ്പയോ എടുക്കുവാൻ കഴിയില്ലെന്നും ഈ പ്രശ്നം പരിഹരിക്കുന്നതിനായി നിയമാനുസരണം ഉടമസ്ഥാവകാശം കോളനി നിവാസികൾക്ക് നൽകണമെന്നതാണ് ആവശ്യം.

**3.3 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.258/ഡി.ഡി.2/16/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച ഫണ്ടിന്റെ 10% മാലന്യ സംസ്കരണത്തിന് മാറ്റി വെയ്ക്കണമെന്ന തീരുമാനം പുനഃപരിശോധിക്കണമെന്നത് സംബന്ധിച്ച് 22.06.2016-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.1 നമ്പർ തീരുമാനം, ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി സമർപ്പിക്കുന്നതിന് പ്രയാസമുണ്ടാകുന്നതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കുകയോ, ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയോ ചെയ്യണമെന്നതാണ് ആവശ്യം,

**3.4 ദേവികുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.259/ഡി.ഡി.2/16/തസ്വഭവ)**

ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്നവരെ സംരക്ഷിക്കുന്ന മറയൂരിലെ അഭയ ചാരിറ്റബിൾ ട്രസ്റ്റിന് 2014-15 വർഷം നൽകിയ ധനസഹായം ലോക്കൽ ഫണ്ട് ആഡിറ്റ് തടസപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത ധനസഹായം നൽകിയത് സാധൂകരിച്ച് നൽകാനും, തുടർ വർഷങ്ങളിലും ഇപ്രകാരം ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

| | |
|---|---|
| **3.5 മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് (ഫയൽനം.330/ഡി.എ.2/16/തസ്വഭവ)** | |
| | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ നിരവധി പാടശേഖരങ്ങൾ തരിശായി കിടക്കുകയാണെന്നും, പഞ്ചായത്തിന്റെ ധനസഹായ ത്തോടെ മാത്രമേ ഇവിടങ്ങളിൽ കൃഷി ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നും അതിനാൽ തരിശു കിടക്കുന്ന പാടശേഖരങ്ങൾ കൃഷിക്ക് സജ്ജമാക്കുന്നതിന് പാടശേഖരസമിതിക്ക് തുക അനുവദിക്കുന്നതിന് അനുമതി നൽകുക എന്നതാണ് ആവശ്യം. |
| **3.6 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (ഫയൽനം.372/ഡി.എ.2/16/തസ്വഭവ)** | |
| | കുലശേഖരപുരം ഗ്രാമപഞ്ചായത്ത് പയറുവർഗ കൃഷി പ്രോത്സാഹനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കേരഗ്രാമ സർവേ പ്രകാരം 90,000 തെങ്ങുകൾക്ക് 100 ഗ്രാം പയറു വിത്തു വീതം നൽകി തെങ്ങുകളുടെ തടത്തിൽ വിതച്ച് പയറുത്പാദനവും, ജൈവവള ഉത്പാദനവും നടത്തി മണ്ണിന്റെ ജൈവ സമ്പത്ത് വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇതിലേയ്ക്ക് പദ്ധതിയിൽ 7,25,000/- രൂപ വകയിരുത്തിയിട്ടുണ്ട്. മാർഗരേഖപ്രകാരം 75% പദ്ധതി വിഹിതവും 25% ഗുണഭോക്തൃ വിഹതവുമാണ്. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ശേഖരിക്കാൻ ബുദ്ധിമുട്ടായതിനാൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും ജൈവ പഞ്ചായത്തിന് ലഭിച്ച അവാർഡ് തുകയിൽ നിന്നും ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം. കൃഷി വകുപ്പ് നൽകിയ തുക ജൈവകൃഷി സംബന്ധമായ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ ഉത്തരവ് നൽകിയിരുന്നു. |
| **3.7 കാവശ്ശേരി ഗ്രാമ പഞ്ചായത്ത് (ഫയൽനം.358/ഡി.എ 2/16/തസ്വഭവ)** | |
| | കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ യുവജനക്ഷേമം വിഭാഗത്തിൽ ശിങ്കാരിമേളം പരിശീലനവും ഉപകരണങ്ങളും എന്ന പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭ്യമായിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗരേഖപ്രകാരം പരിശീലനം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായും 18 നും 35 നു മദ്ധ്യേ പ്രായമുള്ളവർക്കും, പരിശിലന ചെലവിന്റെ 10% തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. അതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ലെന്നും ഗുണഭോക്തൃ വിഹിതം കുറച്ച് തരുന്നതിനും ആയത് അനുസരിച്ച് പഞ്ചായത്ത് വിഹിതം വർദ്ധിപ്പിക്കുന്നതിനും, 2016-17 വർഷത്തിൽ സ്പിൽഓവർ പദ്ധതിയായി നടപ്പിലാക്കുന്നതിനും ഉത്തരവുണ്ടാകണമെന്നതാണ് ആവശ്യം. |
| **3.8 എടവണ്ണ ഗ്രാമ പഞ്ചായത്ത്** | |
| | തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി വർഷംതോറും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വരുന്നുണ്ടെങ്കിലും അതിന്റെ പരിപാലനം കുറ്റമറ്റ രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും, തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് കരാർ ഏറ്റെടുക്കുന്ന കമ്പനികൾ ഇതിന്റെ മെയിന്റനൻസും ചെയ്തു തരണമെന്ന തരത്തിൽ കരാർ ഉടമ്പടി വയ്ക്കാറുണ്ടെങ്കിലും പ്രയോഗ തലത്തിൽ പലപ്പോഴും ഇത് പരാജയപ്പെടുന്നു. ഇക്കാര്യം വർക്കിംഗ് ഗ്രൂപ്പ് തലത്തിലും പഞ്ചായത്ത് തലത്തിലും വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് പരിപാലനത്തിനുവേണ്ടി ദിവസവേതനത്തിന് ആളെ നിയമിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുള്ള സാധനങ്ങൾ വാങ്ങുന്നതിനുമുള്ള ഒരു പ്രോജക്ട് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അനുമതിക്കായി സർക്കാരിന്റെ പ്രത്യേക അനുവാദം ലഭ്യമാക്കാൻ എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അഭ്യർത്ഥിക്കുന്നു. |

**3.9 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എം.ഡി.യുടെ അപേക്ഷ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളുടെ വിതരണവും, പരിപാലനവും, കെൽട്രോൺ, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ക്രൂസ് എന്നീ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകിയിരുന്നു.
ഈ സ്ഥാപനങ്ങൾ ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് മാർക്കറ്റ് വിലയെക്കാൾ വില ഈടാക്കുന്നുവെന്നും,യഥാസമയം റിപ്പയർ ചെയ്യുന്നില്ലെന്നും പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 10.07.2016-ൽ നടന്ന കോഓർഡിനേഷൻ കമ്മിറ്റി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിന് അനുവാദം നൽകിയും, വാങ്ങുന്ന സാധനങ്ങൾക്ക് ടെണ്ടർ വിളിക്കുമ്പോൾ performance guarantee ആവശ്യപ്പെടേണ്ടതും അതിന് അനുസരിച്ചുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണെന്നും ഇത്തരം സാധനങ്ങൾ Stock Register ൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തണമെന്നും തീരുമാനിച്ചു. ഈ തീരുമാനം കമ്പനിയുടെ നിലനിൽപിനെ ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്നും നിലവിലുണ്ടായിരുന്ന ഉത്തരവുകൾ നിലനിർത്തണമെന്നും യുണൈറ്റഡ് ഇലക്ട്രിക്കിന്റെ എം.ഡി. അഭ്യർത്ഥിച്ചിരിക്കുന്നു.

**3.10 സി-ഡിറ്റിന് തദ്ദേശഭരണസ്വയം സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാദ്ധ്യതാ പഠനം നടത്തുന്നതിന് അനുമതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്**

10.08.2016-ൽ ചേർന്ന സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2.8 പ്രകാരം സി-ഡിറ്റിന് തദ്ദേശഭരണസ്വയം സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാദ്ധ്യതാ പഠനം നടത്തുന്നതിന് അനുമതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത കോ ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധനയ്ക്കായി മാറ്റി വച്ചിരുന്നു.

**3.11 മൂന്നാർ ഗ്രാമപഞ്ചായത്ത്- എസ്റ്റേറ്റ് മേഖലയിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

എസ്.സി./എസ്.ടി വിഭാഗത്തിലെ ദാരിദ്ര്യ രേഖയിലും താഴെയുള്ള പിഞ്ചു കുട്ടികൾ, വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകൾ 50-60 വർഷത്തോളം പഴക്കമുള്ളതും തറയും മറ്റും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലുമാണ്. മാത്രമല്ല കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ സ്കൂൾ പരിസരങ്ങളിൽ ഏതു സമയവും കടന്നുവരാവുന്നതാണെന്നും ആയതിനാൽ ഈ സ്കൂൾ കെട്ടിടങ്ങളുടെ തറയും ചുറ്റമതിലുകളും നിർമ്മിച്ച് നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

**3.12 പിണറായി സി.എച്ച്.സി. യിലേയ്ക്ക് രോഗികളെ കൊണ്ടു വരുന്നതിനും ഉപരി ചികിത്സയ്ക്കായി പരിയാരം മെഡിക്കൽ കോളേജ് മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് രോഗികളെ കൊണ്ടുപോകുന്നതിന് ഒരു ആംബുലൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ കുറിപ്പ്.**

ധർമ്മടം മണ്ഡലത്തിലെ പിണറായി പഞ്ചായത്തിലെ ജനങ്ങൾ ആരോഗ്യ സംരക്ഷണത്തിനായി ആശ്രയിക്കുന്നത് പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ്. പിണറായി സി.എച്ച്.സിയിലേയ്ക്ക് രോഗികളെ കൊണ്ടു വരുന്നതിനും ഉപരി ചികിത്സയ്ക്കായി പരിയാരം മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് രോഗികളെ കൊണ്ടുപോകുന്നതിന് ഒരു ആംബുലൻസ് ബ്ലോക്ക് പഞ്ചായത്ത് വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.